(ബി) കോടതി ഇടപെടലിനെത്തുടർന്ന് ബാറുകൾ പൂട്ടിയശേഷം വിനോദ സഞ്ചാരമേഖല ഇരുപത്തൊന്ന ശതമാനം വളർച്ച നേടിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കന്നുകൂടുന്ന മാലിന്യവും ശുചിത്വമില്ലായ്മയും, മോശം പെരുമാറ്റവുമാണ് വിനോദസഞ്ചാരികളെ കേരളത്തിൽനിന്നകറ്റുന്നതെന്നകാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) മദ്യപിക്കാനാണ് വിനോദസഞ്ചാരികൾ കേരളത്തിൽ വരുന്നതെന്ന അഭിപ്രായഗതി, സംസ്ഥാനത്തിന്റെ ആതിഥ്യ മര്യാദയും പ്രകൃതി സൗന്ദര്യത്തിനും അപമാനകരമാണെന്നതുകൊണ്ട് അത് തിരുത്താൻ തയ്യാറാവുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) പ്രസ്തുത വിഷയം പരിശോധിച്ചിട്ടില്ല.

(ബി) ഇല്ല

(സി) പ്രസ്തുത വിഷയം പരിശോധിച്ചിട്ടില്ല.

(ഡി) മദ്യനിരോധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ പൊതു നയത്തിന്റെ ഭാഗമാണ്. വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ മാത്രമേ കേരളത്തിലെ മദ്യഉപഭോഗത്തെ സംബന്ധിച്ച അഭിപ്രായഗതി മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ.

പച്ചക്കറികളിലെ മാരകവിഷം

28 (*88) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന പച്ചക്കറികളിൽ മാരകവിഷം വൻതോതിൽ പ്രയോഗിച്ചിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് ഇടയാക്കുന്ന ഇത്തരം വിഷംനിറഞ്ഞ പച്ചക്കറികൾ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഭക്ഷ്യസുരക്ഷാവകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) എല്ലാ നിയമസഭാമണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് Gas Chromatograph Mass Spectrophoto Meter എന്ന ആധുനിക സംവിധാനം ഉപയോഗിച്ചുള്ള രാസപരിശോധനയാണ് നടത്തുന്നത്. ടി സംവിധാനം കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ ലഭ്യമാണ്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് ടി ലാബിൽ പരിശോധനയ്ക്ക് അയക്കാറുമുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള എറണാകുളം, തിരുവനന്തപുരം, ലാബുകളിൽ Gas Chromatograph Mass Spectrophoto Meter വാങ്ങാനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടുകയും ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽകൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ്ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ചചെയ്യാനും തീരുമാനിച്ചു. ഇതിനായിട്ടുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികകൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തി ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഫുഡ് സേഫ്റ്റി ഓഫീസർ എന്ന നിലയിൽ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ഇതിനകം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ക്ലിനിക്കൽ ലബോറട്ടറികൾ/സ്റ്റാനിംഗ് സെന്ററുകൾ

29(*89) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് നിയമപ്രകാരം എന്തെല്ലാം നിബന്ധനകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ക്ലിനിക്കൽ ലബോറട്ടറികളിൽ ഉപയോഗിക്കുന്ന റീ-ഏജന്റുകളുടേയും മെഷീനുകളുടേയും ഗുണനിലവാരം പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്റ്റാനിംഗ് സെന്ററുകൾ (സർക്കാരും പ്രൈവറ്റും ഉൾപ്പെടെ) മാനദണ്ഡങ്ങൾ അനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) മാനദണ്ഡങ്ങൾ നിർബന്ധമാക്കുന്നതിനുള്ള പ്രത്യേക നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly